(ബി) ഇതിനായി നിയോഗിച്ച വിജിലൻസ് ഓഫീസർ ആദ്യഘട്ട സർവ്വേ പൂർത്തിയാക്കിയിരുന്നുവോ ;

(സി) ഇതു സംബന്ധിച്ച് അദ്ദേഹം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഈ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാം ;

(ഡി) കയ്യേറ്റ ഭൂമിയുടെ ശരിയായ രേഖകൾ ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഫീൽഡ് ജോലികൾ 95% പൂർത്തിയാക്കിയിട്ടുണ്ട്. റിക്കാർഡ് തയ്യാറാക്കി റവന്യൂ-സർവ്വെ ജോയിന്റ് വെരിഫിക്കേഷനു വേണ്ടി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ജോയിന്റ് വെരിഫിക്കേഷൻ സമയത്ത് അപാകതകൾ കണ്ടെത്തുകയാണെങ്കിൽ അതു കൂടി പരിഹരിച്ച് മാർച്ച് 31-നകം നടപടികൾ പൂർത്തിയാക്കുന്നതാണ്.

(ബി&സി) മൂന്നാർ ലക്ഷ്മി എസ്റ്റേറ്റ്, അബാദ് റിസോർട്ട് എന്നിവിടങ്ങളിലെ സർവ്വേ റിക്കാർഡുകൾ പരിശോധിക്കുന്നതിനും, ലൊക്കേഷൻ സ്കെച്ച്, ഡിജിറ്റൈസേഷൻ മാപ്പ് എന്നിവ തയ്യാറാക്കുന്നതിനുമാണ് 22-1-2010-ലെ സ.ഉ. (ആർ.ടി) 309/10/ആർ.ഡി. അനുസരിച്ച് സർവ്വെ വിജിലൻസ് ഓഫീസറെ നിയോഗിച്ചിരുന്നത്. അതനുസരിച്ച് ആദ്യഘട്ട അന്വേഷണം പൂർത്തിയാക്കി പരിശോധനാ റിപ്പോർട്ട് 3-3-2010-ൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കെ.ഡി.എച്ച് വില്ലേജിന്റെ അതിർത്തിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് വിശദമായി പരിശോധിക്കേണ്ടതുണ്ട് എന്നും കെ.ഡി.എച്ച്. വില്ലേജിലെ റീ-സർവ്വേ രേഖകൾ പ്രകാരമല്ല. ഇപ്പോഴത്തെ ഭൂവിനിയോഗ രീതികൾ എന്നതിനാൽ പുതുതായി റീസർവ്വേ നടത്തേണ്ടതുണ്ട് എന്നും ഭൗമ ശാസ്ത്ര പഠനകേന്ദ്രം നടത്തിയ സർവ്വേ പ്രകാരം സമാഹരിച്ച വിവരങ്ങൾ പങ്കു വക്കേണ്ടതുണ്ട് എന്നും സർവ്വേ രേഖകളിൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട് എന്നും ഉള്ള നിരീക്ഷണങ്ങൾ റിപ്പോർട്ടിലുണ്ട്.

(ഡി) കെ.ഡി.എച്ച്.വില്ലേജിൽ ഇപ്പോൾ നടന്നുവരുന്ന സർവ്വെ പൂർത്തിയാകുന്നതോടുകൂടി കയ്യേറ്റം സംബന്ധിച്ച വസ്തുതകൾ വ്യക്തമാകും.

## സർവ്വേ സ്കൂളുകളുടെ നവീകരണം

**148(841)** ശ്രീ. സൈമൺ ബ്രിട്ടോ നോഡ്രിഗ്സ് :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. വി. ശശികുമാർ :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വെ സ്കൂളുകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) എല്ലാ സ്കൂളുകളിലും ആധുനിക സർവ്വെ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനായി ഈ വർഷം എത്ര രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സർവ്വെവിഭാഗം ജീവനക്കാർക്ക് സർവ്വെ ഓഫ് ഇൻഡ്യയുമായി ബന്ധപ്പെട്ട് ഇൻ സർവ്വീസ് ട്രെയിനിംഗ് നൽകുന്നുണ്ടോ ;

(ഇ) സംസ്ഥാനത്ത് റീസർവ്വെ പ്രവർത്തനങ്ങൾ പ്രതീക്ഷിച്ച വേഗതയിൽ പൂർത്തിയാക്കാൻ കഴിയാത്തതിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(എഫ്) റീസർവ്വെ നടത്തുന്നതിന് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത്, തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ സർവ്വെ സ്കൂളുകൾ ഉണ്ട്. തിരുവനന്തപുരം, കോട്ടയം എന്നീ ജില്ലകളിലെ സർവ്വെ സ്കൂളുകൾക്കുവേണ്ടിയുള്ള പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഇതിൽ തിരുവനന്തപുരത്തെ കെട്ടിടം നിർമ്മാണം പൂർത്തിയായി. തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിലെ സർവ്വെ സ്കൂളുകൾക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി വരുന്നു. സർവ്വേ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പിലെ ജീവനക്കാർക്ക് മോഡേൺ സർവെ ട്രെയിനിംഗ് നൽകുന്നതിന് തിരുവനന്തപുരത്തെ സ്കൂൾ, സർവ്വെ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടാക്കി ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ബി) നിലവിൽ എല്ലാ സർവ്വെ സ്കൂളുകളിലും ചെയിൻ സർവ്വെ കോഴ്സുകളാണ് നടന്നുവരുന്നത് പ്രസ്തുത സാഹചര്യത്തിൽ ആധുനിക സർവ്വെ ഉപകരണങ്ങൾ നൽകിയിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ഉണ്ട്.

(ഇ) ആധുനിക സർവ്വെ ഉപകരണങ്ങൾ മാത്രമേ റീ-സർവ്വേയ്ക്ക് ഉപയോഗിക്കാവൂ എന്ന് 1997-ൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ ആധുനിക സർവ്വെ ഉപകരണങ്ങളുടെ അപര്യാപ്തതയും, കൂടുതൽ ജീവനക്കാരെ അദാലത്ത്, എൽ.ആർ.എം. വനാവകാശ സർവ്വെ, മറ്റ് സ്പെഷ്യൽ ജോലികൾ എന്നിവയ്ക്ക് വിനിയോഗിച്ചിരുന്നതു കാരണമായുണ്ടായ ജീവനക്കാരുടെ അഭാവം എന്നിവ കാരണം റീ-സർവ്വെ പ്രവർത്തനങ്ങൾ പ്രതീക്ഷിച്ച വേഗതയിൽ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. 17-4-2010-ലെ ജി.ഒ. (എംഎസ്സ്) 134/2010/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മതിയായ ആധുനിക സർവ്വെ ഉപകരണങ്ങളുടെ അഭാവത്തിൽ തിയോഡലൈറ്റ്, ചെയിൻ, ക്രോസ് സ്റ്റാഫ് എന്നിവ ഉപയോഗിച്ച് പരമ്പരാഗത രീതിയിലും റീ-സർവ്വേ ആരംഭിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(എഫ്) ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly